പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1048 21/03/2013 - ൽ മറുപടിയ്ക്ക്

പഠനവൈകല്യമുള്ള കുട്ടികളെ ചൂഷണം ചെയ്യുന്നതിനെതിരെ നടപടി

<u>ചോദ്യം</u>

ശ്രീമതി കെ.എസ്.സലീഖ

(എ) പഠന വൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നതിന് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് ഇപ്പോൾ നല്കിവരുന്നത്; വിശദമാക്കുമോ ;

<u>ഉത്തരം</u>

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

(എ) പരീക്ഷാഭവൻ പുറപ്പെടുവിക്കുന്ന എസ്.എസ്.എൽ.സി പരീക്ഷാ വിജ്ഞാപനം അനുസരിച്ചാണ് വിവിധ വിഭാഗങ്ങളിൽപ്പെട്ട പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കുന്നത്.
ഡിസ്ലെക്സിയ, ഡിസ്ഗ്രാഫിയ, ഡിസ്കാൽക്കുലിയ എന്നീ വിഭാഗങ്ങളിൽപ്പെട്ട പഠന വൈകല്യങ്ങൾക്ക് വ്യത്യസ്തമായ ഇളവുകളാണ് നൽകുന്നത്.
<u>ഡിസ്ലെക്സിയ</u>: മണിക്കൂറിന് 10 മിനിട്ട് അധികസമയം നല്കുന്നു. ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും നൽകുന്നു.
<u>ഡിസ്ഗ്രാഫിയ</u>: മണിക്കൂറിന് 10 മിനിട്ട് അധികസമയം, ഉത്തരം കേട്ടെഴുതുന്നതിന് ആവശ്യമെങ്കിൽ ഒരു സഹായി, കൂടാതെ ആവശ്യമെങ്കിൽ ഒന്നാം ഭാഷ, രണ്ടാം ഭാഷ ഇവയിലേതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം, ഹോർട്ടി കൾച്ചർ, കേറ്ററിംഗ്, ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ നിന്ന് താൽപര്യമുള്ളവ തെരഞ്ഞെടു

| | | | |
|---|---|---|---|
| | | | ക്കാവുന്നതാണ്. ഒന്നാം ഭാഷയിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക് പകരമായി മേൽപ്പറഞ്ഞ വിഷയങ്ങളിൽ എതെങ്കിലും രണ്ടെണ്ണം തെരഞ്ഞെടുക്കേണ്ടതാണ്.<br>ഡിസ്കാൽക്കുലിയ: ഈ വിഭാഗം കുട്ടികൾക്ക് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർത്ഥികൾ പകരമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്, ഇൻസ്ട്രുമെന്റൽ മ്യൂസിക് ഇവയിലേതെങ്കിലും തെരഞ്ഞെടുക്കേണ്ടതാണ്. ഈ വിഭാഗം കുട്ടികൾ കണക്ക് പരീക്ഷ എഴുതുന്നുവെങ്കിൽ സിമ്പിൾ കാൽക്കുലേറ്റർ ഉപയോഗിക്കാൻ അനുവദിക്കുന്നതാണ്. കൂടാതെ പേപ്പറിന് 10 മിനിട്ട് അധിക സമയം അനുവദിക്കുന്നതാണ്.<br>ഈ ഇളവുകൾ ലഭിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനു പകരം നിർദ്ദേശിച്ച സർട്ടിഫിക്കറ്റ് (Annexure-C1) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| (ബി) | ഈ വിഭാഗം വിദ്യാർത്ഥികൾക്ക് എപ്രകാരമുള്ള കേട്ടെഴുത്തുകാരെയാണ് നിയോഗിക്കുന്നത് ; | (ബി) | ഡിസ്ഗ്രാഫിയ വിഭാഗത്തിൽപ്പെട്ട പഠന വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് സ്ക്രൈബായി നിയമിക്കപ്പെടുന്ന ആളുടെ പരീക്ഷാ യോഗ്യത പരീക്ഷാർത്ഥിയേക്കാൾ കൂടാൻ പാടുള്ളതല്ല. |
| (സി) | ഇപ്രകാരമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും എസ്.എസ്. | (സി) | നിശ്ചിത പ്രൊഫോർമയിൽ നൽകുന്ന അപേക്ഷ സ്കൂളിൽ നിന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മേലൊപ്പ് വെച്ച് |

| | | | |
|---|---|---|---|
| | എൽ.സി. പരീക്ഷയ്ക്കു മുൻപ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വിശദമാക്കുമോ; | | പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുന്നു. അപേക്ഷയോടൊപ്പം നിശ്ചിത സർട്ടിഫിക്കറ്റുകൾ സഹിതം നൽകുന്ന അപേക്ഷ പരിശോധിച്ച ശേഷം അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്നു. |
| (ഡി) | 2012 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയവരിൽ പഠന വൈകല്യമുള്ള എത്ര വിദ്യാർത്ഥികൾ (ഗൾഫ് മേഖല ഉൾപ്പെടെ) ഉണ്ടായിരുന്നു; 2013 മാർച്ചിൽ പഠന വൈകല്യമുള്ള എത്ര വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി.പരീക്ഷ എഴുതുന്നു ; വിശദമാക്കുമോ ; | (ഡി) | 2012 മാർച്ചിൽ 2862 പേർക്ക് പഠന വൈകല്യങ്ങൾക്കുള്ള ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. 2013 മാർച്ചിൽ 4766 പേർക്കാണ് ഈ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. |
| (ഇ) | 'ബുദ്ധിമാന്ദ്യ'മുള്ളവരെ ചൂഷണം ചെയ്ത് മറ്റുള്ളവർ കൃത്രിമ മാർഗ്ഗത്തിലൂടെ എസ് . എസ്.എൽ.സി പരീക്ഷ എഴുതുകയും ബുദ്ധിമാന്ദ്യമുള്ളവർക്ക് അത് നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ ഈ അടുത്ത കാലത്തായി സംസ്ഥാനത്ത് നിലനിൽകുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | (ഇ) | എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് മെന്റൽ റിട്ടാർഡേഷൻ (എം.ആർ) വിദ്യാർത്ഥികൾക്കും പഠന വൈകല്യമുള്ളവർക്കും വ്യത്യസ്ത ആനുകൂല്യങ്ങളാണ് നൽകി വരുന്നത്. ഈ ആനുകൂല്യം അനുവദിക്കപ്പെടുന്നതിന് ബുദ്ധി മാന്ദ്യമുള്ള വിഭാഗക്കാർ മെഡിക്കൽ ബോർഡ് നൽകുന്ന 40 ശതമാനമോ അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |
| (എഫ്) | വിദ്യാഭ്യാസവകുപ്പിന്റെ സൈറ്റിൽ 2013 മാർച്ച് മാസം പരീക്ഷ എഴുതുന്ന ബുദ്ധിമാന്ദ്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് ജില്ല തിരിച്ച് പ്രസിദ്ധപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (എഫ്) | എസ്.എസ്.എൽ.സി. 2013 മാർച്ച് മാസത്തെ ജില്ലാ വിദ്യാഭ്യാസ ഓഫീസ് തിരിച്ചുള്ള എം.ആർ. വിദ്യാർത്ഥികളുടെ ലിസ്റ്റ് വിദ്യാഭ്യാസ വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ